**സന്ദേശം**

| | | |
|---|---|---|
| TO | : | **എല്ലാ ഡി വൈ എസ് പി മാർക്കും എസ് എച്ച് ഒ മാർക്കും, എല്ലാ മിനിസ്റ്റിരിയൽ സ്റ്റാഫിനും** |
| INFO | : | AA , Manager , AO , , CA to DPC ,നോട്ടീസ് ബോർഡ് ,എസ് ഐ സൈബർ സെൽ ,പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് |
| FROM | : | **ജില്ലാ പോലീസ് മേധാവി,** തൃശ്ശൂർ റൂറൽ. |

**No. F5(a)-62809/2021/R Dt 26-11-2021**

വളരെ അടിയന്തിരം (.) 23/ 11/ 2021 തിയ്യതിയിലെ 153/ 2021/ ധന ഉത്തരവ് പ്രകാരം 2021 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം ജി പി ഐ എസ് സ്കീം തുകയായ 500 രൂപ എല്ലാ ഉദ്യോഗസ്ഥൻമാരിൽ നിന്നും ഈടാക്കുന്നതാണ് (.) ആയതിനാൽ സസ്പെൻഷൻ / മെഡിക്കൽ അവധി / ശൂന്യവേതനാവധി അന്യത്ര സേവനത്തിൽ ഉള്ളവർ മറ്റെന്തെങ്കിലും കാരണത്താൽ നവംബർ മാസത്തെ ബില്ലിൽ ഉൾപ്പെടാത്തവർ 15/12/2021 തിയ്യതികകം ട്രഷറിയിൽ 8658-102-88 suspense account - GPAI FUND എന്ന ശീർഷകത്തിൽ 500 രൂപ അടച്ച് ആയതിൻറെ രസീതി ഡി പി ഒ F5(A) സെക്ഷനിൽ നൽകേണ്ടതാണ് എന്ന വിവരം എല്ലാ SHOs/Controlling Officers അവരവരുടെ കീഴുദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ് (.) അല്ലാത്ത പക്ഷം അപകടമരണങ്ങൾക്ക് ഇവർക്ക് വാഗ്ദത്ത തുക ലഭിക്കുന്നതല്ല (.) മേൽ നിർദേശങ്ങൾ യഥാസമയം താങ്കളുടെ കീഴിലുള്ള ഉദ്യോഗസ്ഥരെ അറിയിക്കാത്തത് മൂലം, ടി സ്കീമിൽ അംഗമാവാതെ എന്തെങ്കിലും തരത്തിലുള്ള അപകടമരണങ്ങൾ സംഭവിച്ചാൽ ഭാവിയിൽ ഉണ്ടാവുന്ന ബാദ്ധ്യതക്ക് ഈ ഓഫിസ് ഉത്തരവാദിയായിരിക്കുന്നതല്ല ആയതിൻറെ പൂർണ്ണ ഉത്തരവാദിത്വം അതാത് SHOs/Controlling Officers ന ആയിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു (.) മേൽ സ്കീമിൽ അംഗമായ, 2021 ൽ ജോലിയിൽ പ്രവേശിച്ച എല്ലാ ഉദ്യോഗസ്ഥൻമാരും നിർദ്ധിഷ്ട മാതൃകയിലുള്ള നോമിനേഷൻ പൂരിപ്പിച്ച് ഉചിത മാർഗേന 29/11/2021 തിയ്യതിക്കകം ഈ ഓഫിസിൽ സമർപ്പിക്കേണ്ടതാണ് (.) മേൽ ഉത്തരവിൻറെ പകർപ്പം നോമിനേഷൻ ഫോറവും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (.) ടി ഉത്തരവിൻറെ പകർപ്പ് എല്ലാ സ്റ്റേഷൻനുകളിലും നോട്ടിസ് ബോർഡിൽ പതിക്കേണ്ടതാണ് (.)

**ശ്രീകുമാർ.എ.യു**
**എക്കൌണ്ട്സ് ഓഫീസർ**
For District Police Chief